# മുസ്ലീം തെറാപ്പി

**ശങ്കരനാരായണൻ മലപ്പുറം**

വിവിധ രീതികളിലുള്ള തെറാപ്പി(ചികിത്സാരീതികൾ)കളെ കുറിച്ച് കേട്ടിട്ടില്ലേ? ആർഷഭാരതത്തിൽ വളരെയേറെ പ്രചാരമുണ്ടായിരുന്ന ഒരു ചികിത്സാരീതിയാണ് മുസ്ലീംതെറാപ്പി. മുസ്ലീങ്ങളെ ഉപയോഗപ്പെടുത്തി നടത്തുന്ന ഒരു ചികിത്സാരീതിയാണിത്. തനിക്ക് നേരിട്ട് മനസ്സിലാക്കാൻ സാധിച്ച ഒരു മുസ്ലീംതെറാപ്പിയെക്കുറിച്ച് ഗാന്ധിജി എഴുതിയിട്ടുണ്ട്. 'മനുഷ്യനോടുള്ള മനുഷ്യന്റെ ക്രൂരത'എന്ന തലക്കെട്ടിൽ 1927 മെയ് 5ന് 'യങ്ങ് ഇന്ത്യ'യിൽ ഗാന്ധിജി എഴുതിയ കുറിപ്പിൽ ഇതേക്കുറിച്ച് വിവരിക്കുന്നത് നോക്കുക.

ദളിത് വിഭാഗത്തിൽ പെട്ടയാളും അദ്ധ്യാപകനുമായ എ. വി. താക്കർ എന്നയാളുടെ ഭാര്യക്ക് കടുത്ത അസുഖം ബാധിച്ചു. അദ്ദേഹം സമീപപ്രദേശത്തുള്ള ഒരു ഡോക്ടറെ സമീപിച്ചു അയിത്തജാതിക്കാരുടെ വീട്ടിൽ വരില്ലെന്നും അയിത്തജാതിക്കാരിയെ പരിശോധിക്കില്ലെന്നും ഡോക്ടർ അറിയിച്ചു. താക്കർ മറ്റുചിലരുടെ സഹായം തേടി. അവരുടെ നിർബന്ധത്തിനു വഴങ്ങി ഡോക്ടർ രോഗിണിയെ പരിശോധിക്കാമെന്നേറ്റു. ഒരു മുസ്ലീമിനേയും കൂട്ടി ഡോക്ടർ താക്കറുടെ വീട്ടിലെത്തി. വീട്ടിനകത്ത് ഒരു മുറിയിൽ കിടക്കുന്ന രോഗിണിയെ പരിശോധിക്കാൻ ഡോക്ടർ തയ്യാറായില്ല. ആയതിനാൽ രോഗിണിയെ പുറത്തേക്ക് കൊണ്ടുവന്നു. രോഗിണിയുടെ പനി അളക്കാനുള്ള തെർമോമീറ്റർ ഡോക്ടർ മുസ്ലീമിന്റെ കൈയിൽ കൊടുത്തു. മുസ്ലീം അത് താക്കർക്ക് നൽകി. താക്കർ ഭാര്യയുടെ പനി അളന്നതിനുശേഷം തെർമോമീറ്റർ മുസ്ലീമിനെ ഏൽപ്പിച്ചു. മുസ്ലീം അത് ഡോക്ടർക്ക് തിരിച്ചുനൽകി. സ്ത്രീക്ക് ന്യൂമോണിയ ആണെന്ന് പറഞ്ഞ് മരുന്ന് കുറിച്ചു കൊടുത്ത് ഡോക്ടർ സ്ഥലം വിട്ടു.

ദളിത് സ്ത്രീയെ തൊട്ടാൽ അയിത്തപ്പെടുമെന്ന വിശ്വാസപ്രകാരമാണ് ഡോക്ടർ രോഗിണിയെ തൊടാൻ തയ്യാറാവാതിരുന്നത്. ദളിത് സ്ത്രീയുടെ പനി അളന്നാൽ തെർമോമീറ്ററിൽ അയിത്തം ബാധിക്കും എന്നാൽ ഇതൊഴിവാക്കാനായി ഒരു മുസ്ലീം ഉണ്ടെങ്കിൽ പ്രശ്നം തീരും. ദളിതനായ വ്യക്തി തൊട്ടാൽ അയിത്തമാകുന്ന വസ്തു ഒരു മുസ്ലീം തൊട്ടാൽ ശുദ്ധമാകുമെന്നതായിരുന്നു നമ്മുടെ 'സംസ്കാര പാരമ്പര്യം.'

മുസ്ലീം വിരുദ്ധ തരംഗം ഒരു കൊടുങ്കാറ്റായി ആഞ്ഞുവീശിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ജീവിക്കുന്ന പുതിയ തലമുറക്ക് ഇതൊക്കെ ശരിയോ എന്ന് സംശയം തോന്നിയേക്കാം. സംശയിക്കേണ്ട, നമ്മുടെ നാടിന് ഇങ്ങനെയും ഒരു ചരിത്രമുണ്ട്. കേരളത്തിന്റെ അവസ്ഥയും ഇതുതന്നെയായിരുന്നു. പുലയരും മറ്റും തൊട്ട് അശുദ്ധമാക്കിയ പായയും മറ്റും മറ്റുള്ളവർക്ക് കൊടുക്കുന്നതിനു മുമ്പ് മുസ്ലീമിനെക്കൊണ്ട് സ്പർശിച്ച് ശുദ്ധമാക്കുന്ന നിയമം വടക്കേ മലബാറിലെ ഭരണാധികാരികൾ നടപ്പിലാക്കിയിരുന്നു. ഇതേക്കുറിച്ച് പൊക്കുടൻ തന്റെ ആത്മകഥയിൽ(കണ്ടൽ കാടുകൾക്കിടയിൽ എന്റെ ജീവിതം,പേജ് 40) വിവരിക്കുന്നുണ്ട്.